പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികൾ

11 (3650) ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലായി, പൊന്നാനി, മുതലപ്പൊഴി എന്നീ മത്സ്യബന്ധന തുറമുഖ പദ്ധതികൾക്ക് എന്തുതുക വേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതികൾക്ക് എന്തുതുകയാണ് വകകൊള്ളിച്ചിരിക്കുന്നത് ;

(സി) പദ്ധതി അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഈ പദ്ധതിയ്കൾക്ക് കൂടുതൽ തുക ഈ വർഷം അനുവദിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) തലായി, പൊന്നാനി, മുതലപ്പൊഴി എന്നീ മത്സ്യ ബന്ധന തുറമുഖ പദ്ധതികൾക്ക് യഥാക്രമം 1370 ലക്ഷം രൂപ, 2970 ലക്ഷം രൂപ, 1460 ലക്ഷം രൂപ വീതം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 1999-2000 വർഷത്തിൽ ഓരോപദ്ധതിക്കും 2 ലക്ഷം രൂപ വീതം ടോക്കൺ പ്രൊവിഷൻ വക കൊള്ളിച്ചിട്ടുണ്ട്.

(സി) മുതലപ്പൊഴി പദ്ധതി 5 വർഷം കൊണ്ടും, തലായി, പൊന്നാനി എന്നീ പദ്ധതികൾ 4 വർഷം കൊണ്ടും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 2000-2001 വർഷം കൂടുതൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

12 (3651) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ബാലറാം. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്ന പദ്ധതിപ്രകാരം എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) 27017 പേർക്ക്

(ബി) പെൻഷൻ തുക 20 രൂപ കൂടി വർദ്ധിപ്പിച്ച് 120 രൂപയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മാനവീയം പരിപാടി

13 (3652) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം പരിപാടിയുടെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത കണക്കുകൾ ആഡിറ്റ് ചെയ്യാൻ സംവിധാനം ഉണ്ടോ ;

(സി) ആഡിറ്റ് പൂർത്തിയാക്കുന്നതിന് സമയപരിധി നിർദ്ദേശിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിർദ്ദേശിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) മാനവീയം ഫണ്ട് വിനിയോഗം ഓഡിറ്റിന് വിധേയമായിട്ടാണ്. ഓരോ അർദ്ധമാസത്തേയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആഡിറ്റ് ചെയ്ത് മാനവീയം സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നുണ്ട്.

മാനവീയം പ്രവർത്തന പുരോഗതി

14 (3653) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു മാനവീയം പരിപാടി നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മാനവീയം പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടി ഉൾപ്പെട്ടുകൊണ്ടുള്ള ഒന്നാണ്. ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാ തുറയിലുംപെട്ട ആളുകളെയും ബന്ധപ്പെടുത്തിക്കൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly